പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

25.01.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 985

## വാട്ടർ മീറ്റർ റീഡിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | | ശ്രീ. മാത്യു ടി.തോമസ് (ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | രണ്ട് മാസത്തിലൊരിക്കൽ എടുത്തുവന്ന വാട്ടർ മീറ്റർ റീഡിംഗ് ഗ്രാമ പ്രദേശങ്ങളിൽ നാലു മാസത്തിലൊരിക്കലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ പരിഷ്കരണത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെന്തെന്ന് വിശദീകരിക്കുമോ? | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കളിൽ ഏറിയ പങ്കും ഗാർഹികയിനത്തിൽ വരുന്നതാണ്. ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കളുടെ എണ്ണം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. കൂടാതെ ഇവരുടെ പ്രതിമാസ ശരാശരി ഉപയോഗം ഏകദേശം 15KL-ൽ താഴെയുമാണ്. മീറ്റർ റീഡർമാരുടെ സേവനം കൂടുതൽ ഉപഭോക്താക്കൾ ഉള്ളതും ഗാർഹികേതര വാണിജ്യ ഉപഭോക്താക്കൾ ഉള്ളതുമായ മേഖലകളിലേയ്ക്ക് പുനർ വിന്യസിച്ച് ഉപഭോക്താക്കൾക്കുള്ള സേവനം വർദ്ധിപ്പിക്കുകയും അതുവഴി വാട്ടർ അതോറിറ്റിയുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് രണ്ട് മാസത്തിലൊരിക്കൽ എടുത്തുവന്ന വാട്ടർ മീറ്റർ റീഡിംഗ് ഗ്രാമ പ്രദേശങ്ങളിൽ നാലുമാസത്തിലൊരിക്കലാക്കുവാൻ കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ